# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്തചോദ്യം നം.434 | 27.09.2011 -ൽ മറുപടിയ്ക്ക് |

**നിയമനങ്ങളിൽ വികലാംഗർക്കുള്ള സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നിയമനങ്ങളിൽ വികലാംഗർക്ക് അവകാശപ്പെട്ട മൂന്നു ശതമാനത്തിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 01.01.2004 മുതൽ 31.12.07 വരെ കാലയളവിൽ 1188 തസ്തികകൾ ബാക്ക്‌ലോഗായിട്ട് നികത്തപ്പെടാതെ കിടക്കുന്നുണ്ട്. |
| (ബി) | എങ്കിൽ കുടിശ്ശിക നിയമനം നികത്തുന്നതിനായി എന്തൊക്കെ അടിയന്തരനടപടി കൈക്കൊള്ളും എന്നു വ്യക്തമാക്കുമോ; | (ബി) | കുടിശ്ശിക തസ്തികകളിൽ നിയമനം, ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി, നികത്തുന്നതിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇവരുടെ സംവരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | കുടിശ്ശിക തസ്തികകൾ നികത്തുന്നതിനായി, കഴിയുന്നത്ര വേക്കൻസികൾ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം റിപ്പോർട്ട് ചെയ്ത ശേഷം, ആവശ്യം വരുന്ന തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കുവാനും വകുപ്പു മേധാവികളെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഭാവിയിൽ സർക്കാർ നിയമനങ്ങളിൽ ഈ വിഭാഗങ്ങളുടെ സംവരണചോർച്ച തടയുന്നതിനും അതുവഴി നിയമനം ഉറപ്പാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | 01.01.2008 മുതൽ വികലാംഗർക്ക്, നിയമനങ്ങളിൽ അർഹതപ്പെട്ട തസ്തികകളിൽ സംവരണം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ